(ജി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനായുള്ള നിധി സ്വരൂപിക്കാൻ നിയമനിർമ്മാണം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) റോഡ്, ജലസേചനം, ശുദ്ധജല വിതരണം, ഉൾനാടൻ ജലഗതാഗതം, വൈദ്യുതി, തുറമുഖം, ചവർ സംസ്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. 500 കോടി രൂപയുടെ നിധി.

(ഡി) കടപ്പത്രം വഴി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് നിധി സ്വരൂപിക്കുന്നത്.

(ഇ) നിധിയുടെ ചുമതല ഇതിന്റെ ബോർഡിനാണ്.

(എഫ്)നിധിയുടെ ചുമതല ചീഫ് സെക്രട്ടറി ചെയർമാനായും സീനിയർ സെക്രട്ടറിമാരുൾപ്പെടെയുള്ള 9 അംഗ ബോർഡാണ് കൈകാര്യം ചെയ്യുന്നത്. ബോർഡിന് പ്രത്യേക ഭരണ സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(ജി) നിയമനിർമ്മാണം ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാലും ഓർഡിനൻസ് പുറപ്പെടുവിച്ചപ്പോൾ തന്നെ നിയമമായിക്കഴിഞ്ഞു.

16 (*72) റോഡ് സുരക്ഷാ പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ പദ്ധതികൾ ഊർജ്ജിതമാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) റോഡ് സുരക്ഷയ്ക്കു വേണ്ടി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനു വേണ്ടി ഏതെല്ലാം ഫണ്ടുകളാണ് ഏകോപിപ്പിക്കുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) ജി.ഒ. (എം.എസ്.) 55/97/പി.ഡബ്ല്യൂ. ആന്റ് ടി. ഉത്തരവു പ്രകാരം ഉന്നതതല കമ്മിറ്റിയും, ജി.ഒ.(എം.എസ്) 91/97/പി. ഡബ്ല്യൂ. ആന്റ് ടി.

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം ഉന്നതാധികാർ കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളത്. (വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)

(സി)&(ഡി) റോഡ് സുരക്ഷിതത്വം സംബന്ധിച്ച് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും അതിലേക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതുമാണ്.

17 (*73) **കുടിയേറ്റ കർഷകർക്ക് വനഭൂമി പതിച്ചുകൊടുക്കുന്ന നടപടി**

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പാലോട് രവി :
ശ്രീ. എം. മുരളി :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1977- നു മുമ്പ് കുടിയേറ്റ കർഷകരുടെ കൈവശമുള്ള ഭൂമി പതിച്ചു കൊടുക്കുന്നത് സംബന്ധിച്ച നടപടി എത് ഘട്ടത്തിലാണ്;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി ഈ ഭൂമി പതിച്ചു കൊടുക്കണമെന്നാണ് കേന്ദ്രഗവണ്മെന്റ് പറഞ്ഞിട്ടുള്ളത്;

(സി) പതിച്ചു കൊടുക്കുന്ന വനഭൂമിയുടെ ഇരട്ടി ഭൂമിയിൽ വനം വച്ചു പിടിപ്പിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള ഭൂമി എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുള്ളത്?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ)

(എ) 1.1.1977-നു മുമ്പ് കുടിയേറ്റ കർഷകരുടെ കൈവശമുള്ള 28,588.159 ഹെക്ടർ വനഭൂമി പതിച്ചു നൽകുന്നതിന്മേൽ നിലനിന്നിരുന്ന സ്റ്റേ ഉത്തരവ് പിൻവലിച്ച് പട്ടയം നൽകാൻ കോടതി 7.10.99-ൽ ഉത്തരവായ അനുമതിയും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയതിനെ തുടർന്ന് മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുകയും ഇടുക്കി ജില്ലയിലെ 505 കേസുകളുടെ പട്ടയവിതരണം നടക്കുകയും ചെയ്തു. ബാക്കിയുള്ള ഭൂമിക്ക് പട്ടയം നൽകാൻ നടപടി നടന്നു വരുന്നു. കൂടാതെ സംയുക്ത പരിശോധന പൂർത്തിയായ 13892.478 ഹെക്ടർ വനഭൂമിക്ക് കേന്ദ്ര വനസംരക്ഷണ നിയമപ്രകാരമുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കയ്യേറ്റ ഭൂമിയിലെ സംയുക്ത പരിശോധന എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണ്.

(ബി) വ്യവസ്ഥകൾ അനുബന്ധം1 ആയി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) 14 ജില്ലകളിലായിട്ടാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത്.

വിശദവിവരം അനുബന്ധം II ആയി ചേർക്കുന്നു.

അനുബന്ധം -I

† അനുബന്ധം -I&II എ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. എൻ.കെ. രാധ അവതരിപ്പിച്ച ഭേദഗതി പ്രസ്സുചെയ്യുന്നുണ്ടോ?

ശ്രീമതി എൻ.കെ രാധ : ഞാൻ എന്റെ ഭേദഗതി പിൻവലിക്കുന്നു.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

1999-ലെ കേരള ഹൈവേ സംരക്ഷണബിൽ പൊതുമരാമത്തും, ഗതാഗതവും, വാർത്താവിനിമയവും സംബന്ധിച്ച് V-ാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നു.

ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.35 ന് പിരിഞ്ഞു).

അനുബന്ധം - I

(15.12.1999.ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16 (*72) ദയവായി കാണുക

റോഡ് സുരക്ഷിതത്വത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് നൽകുന്നതും ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതും ഒന്നിലേറെ ഉദ്യോഗസ്ഥന്മാർ കൂടി ആയിരിക്കണമെന്ന് നിർദ്ദേശിച്ചു. അതുകൊണ്ട് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് കർശനവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി 20-7-1999 മുതൽ പുതിയ രീതി പ്രാബല്യത്തിൽ വരുത്തുകയുണ്ടായി. അതിൻപ്രകാരം പഠന ലൈസൻസിനുള്ള എഴുത്തുപരീക്ഷ ജില്ലാ അടിസ്ഥാനത്തിലാക്കി ടെസ്റ്റ് കഴിയുന്ന മുറയ്ക്ക് പാസ്സാകുന്നവർക്ക് അപ്പോൾ തന്നെ പഠന ലൈസൻസ് നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കി പൊതുജനങ്ങളുടെ സൗകര്യാർത്ഥം 6-11-99 മുതൽ പഠന ലൈസൻസിനുള്ള എഴുത്തുപരീക്ഷ അതാത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പരിധികളിൽ കൂടി നടത്താൻ തീരുമാനിച്ചു. ആരംഭം എന്ന നിലയിൽ ഡ്രൈവിംഗ് ടെസ്റ്റ് ജില്ലയിൽ ഒരു കേന്ദ്രത്തിൽ ആയി എന്നും, ഒന്നിലധികം ഉദ്യോഗസ്ഥന്മാർ ചേർന്ന് ടെസ്റ്റ് നടത്തണമെന്നും ഒരു ദിവസം ടെസ്റ്റിന് വിധേയരാകുന്നവരുടെ എണ്ണം 40 ആയി നിജപ്പെടുത്താനും നിർദ്ദേശിച്ചു. 1-8-99 മുതൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്ക് കീഴിലും ടെസ്റ്റിംഗ് കേന്ദ്രങ്ങൾ തുടങ്ങുകയുണ്ടായി.

കൂടാതെ 20 വർഷത്തിനുള്ളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറേയും ഒരു അസിസ്റ്റന്റ് മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടറേയും അതിന് മുകളിൽ പഴക്കമുള്ളവ ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും നടത്തുന്ന ടീം (ഇതിൽ ഒരാൾ സാങ്കേതിക പരി

LIBRARY ARCHIVES Kerala Legislative Assembly

ജ്ഞാനം ഉള്ള ആളായിരിക്കണം) പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകണമെന്നും നിർദ്ദേശിച്ചു.

മദ്യപിച്ച് വാഹനമോടിക്കുന്നവരെ ബ്രീത്ത് അനലൈസർ ഉപയോഗിച്ച് പരിശോധനകൾ നടത്തി നാഷണൽ ഹൈവേകളിലും മറ്റും അപകട സാദ്ധ്യത കൂടുതലുള്ള മേഖലകൾ കണ്ടുപിടിച്ച് ഊർജ്ജിതമായ പരിശോധന നടത്തി ഡ്രൈവർമാർക്ക് റോഡു സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. ബസ്സുകളുടെ മത്സര ഓട്ടം ഒഴിവാക്കുന്നതിലേക്ക് അവയുടെ റണ്ണിംഗ് ടൈം കൂടി നൽകുകയുണ്ടായി.

GOVERNMENT OF KERALA

ABSTRACT

Transport Department-Road accidents-Committee to suggest measures to reduce road accidents-High Level Committee constituted-Orders Issued.

PUBLIC WORKS AND TRANSPORT (M) DEPARTMENT

G.O. (Ms) No. 55/97/ PW&T dated, Thiruvananthapuram, 9-5-97.

ORDER

In the context of the increasing trend of road accidents in the State, the Chief Minister held a meeting with the Minister for Transport, Minister for Public Works, Chief Secretary and Director General of police and the concerned secretraries and Heads of Departments to evolve measures to curb the present trend. In the light of the discussion at the meeting, Government are pleased to constitute a High Level Committee with the following officers.

1.	Additional Chief Secretary – Chairman		
2.	Principal Secretary to Chief Minister	–	member.
3.	Secretary, Public Works Department	–	member
4.	Principal Secretary, Transport	–	Convenor
5.	Director General of Police	–	member
6.	Transport Commissioner	-	member
7.	Additional Transport Commissioner	–	member
8.	Managing Director, KSRTC	–	member
9.	Chief Engineer (Roads)	–	member
10.	Inspector General of Police (North Zone)	–	member

The Committee will submit detailed proposals for reducing road accidents within two weeks.

The suggestions that came up at the meeting held by the Chief Minister and have been approved for immidiate implementation by the concerned Departments are given in the Annexure, to this G.O. The Heads of Departments will ensure that these measures are implemented fully and effectively by the Officers of their Departments.

(By Order of the Governor)

N.V. MADHAVAN

PRINCIPAL SECRETARY TO GOVERNMENT.

LIBRARY ARCHIVES Kerala Legislative Assembly

To

The Additional Chief Secretary
The Principal Secretary to Chief Minister.
The Secretary, Public Works Department.
The Director General of Police, Thiruvananthapurm.
The Transport Commissioner, Thiruvananthapuram.
The Additional Transport Commissioner, Thiruvananthapuram.
The Managing Director, KSRTC, Thiruvananthapuram.
The Chief Engineer, Public Works, Department (Roads), Thiruvananthapurm.
The Inspector General of Police, (North Zone)
The members of the Committee.

Forwarded/By Order

Section Officer.

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

ABSTRACT

Transport Department-Road accidents-High Level Committee to suggest measured reduce accidents-Recommendation- High Power Committee constuted-Orders Issued.

PUBLIC WORKS AND TRANSPORT (M) DEPARTMENT

G.O. (Ms) No. 91/97/ PW&T dated, Thiruvananthapuram, 29.8.1997

Read:-1. G.o. (Ms)55/97/PW&T dated 9.5.1997

2. Report of the High Level Committee dated 4.6.1997

ORDER

As per Govt. Order read above the Government have constituted a High Level Committee under the Chairmanship of the Additonal Chief Secretary to suggest measures to reudce road accidents in the State. After studying the reasons for road accidents, the Committee submitted its report read as second paper contaning various recommendations to accidents, which are to be implemented through various Departments, The High Level Committee recommended to constitute on Expowered Committee under the Chairmanship of the Chief Secretary to issue early sanctions for the implementation of the recommendations with a sense of urgency. Government have examined the suggestion of the Committee and are pleased to constitute empowered Committee with the following officers:

Chief Secretary	-	Chairman.
Additional Cheif Secretary	-	Member.
Principal Secretary (Transport)	-	Convener.
Secrertary (Public Works Department	-	Member
Director General of Police	-	Member
Transport Commissioner	-	Member
Chief Engineer (Public Works Department)	-	Member

885/2010.

The Empowered Committee is authorised to issue necessary orders for the implementation of the recommendations contained in the report of the High Level Committee in a time bound manner to reduce accidents and evaluate the progress of implementation from time to time.

(By Order of the Governor)
N.V. MADHAVAN
PRINCIPAL SECRETARY (TRANSPORT)

To

The Chief Secretary.
Addtional Chief Secretary
Principal Secretary (Tansport)
Secretary, Public Works Department.
Director General Of Police.
Transport Commissioner
Chief Engineer, Public Works Department
Memebers of Road Safety Council.
Members of High Level Committee
Private Secretary to Chief Minster.
Public Relations Department
Private Secretary to Minister (Forest & Transport)

Forwarded/By Order
Section Officer

അനുബന്ധം II

(15.12.1999-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 17(*73) ദയവായി കാണുക)

1. കയ്യേറ്റക്കാർക്ക് പതിച്ചു നൽകേണ്ട ഭൂമിയുടെ സ്ഥല പരിശോധനയും അടയാളപ്പെടുത്തലും സംസ്ഥാന സർക്കാർ നിർവ്വഹിക്കേണ്ടതാണ്.

2. വനത്താൽ ചുറ്റപ്പെട്ട സ്ഥലങ്ങൾ, പെരിയാർ കടുവാ സങ്കേതം, വന്യജീവി സങ്കേതങ്ങൾ എന്നിവിടങ്ങളിലെ കൈയേറ്റങ്ങൾ (മറ്റു തരത്തിൽ അർഹതപ്പെട്ടതല്ലെങ്കിൽ) ഒഴിപ്പിച്ച് വനാർതിർത്തിയിലോ അനുവദനീയമായ പരിധി കഴിഞ്ഞ്(4 ഏക്കർ) ഒഴിപ്പിച്ചെടുത്ത കയ്യേറ്റ പ്രദേശങ്ങളിലോ മാറ്റി പാർപ്പിക്കേണ്ടതാണ്.

3. ഓരോ കയ്യേറ്റക്കാരനും ക്രമപ്പെടുത്തി നൽകേണ്ട കൈവശ ഭൂമി അടയാളപ്പെടുത്തിയ വിശദമായ മാപ്പ് തയ്യാറാക്കണം.

4. 1968-ലെ 'കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ' അനുശാസിക്കുന്ന 4 ഏക്കറിൽ കൂടുതൽ കൈയേറ്റക്കാരന് നൽകാവുന്നതല്ല. ഇപ്രകാരം നൽകുമ്പോൾ പരിധി കഴിഞ്ഞ് വരുന്ന സ്ഥലം തിരിച്ചെടുത്ത് ഉൾവനങ്ങളിൽ നിന്നും, പെരിയാർ ടൈഗർ റിസർവ്വിൽ നിന്നും ഒഴിപ്പിച്ച അർഹരായ മറ്റു വനം കൈയേറ്റക്കാർക്ക് നൽകാൻ ഉപയോഗിക്കേണ്ടതാണ്.

5. ഡാമുകളിൽ മണ്ണ് അടിയുന്നത് തടയുന്നതിനും, വ്യാപകമായ മണ്ണൊലിപ്പ് തടയുന്നതിനുമായി മണ്ണു സംരക്ഷണത്തിനും അഗ്രോ ഫോറസ്ട്രിയുമുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കണം.

6. പതിച്ചു നൽകുന്ന വനഭൂമിക്ക് പകരമായി അതിന്റെ ഇരട്ടി പ്രക്ഷീണ വനങ്ങളിൽ ഘട്ടം ഘട്ടമായി പരിഹാര വനവൽക്കരണം നടത്തുന്നതിന് ആവശ്യമായ ഫണ്ട് വനം വകുപ്പിന് നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ഉറച്ച തീരുമാനം എടുക്കേണ്ടതാണ്. ഈ വനവൽക്കരണം 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly